LIBRARY ARCHIVES Kerala Legislative Assembly

5 വർഷ പദ്ധതികൾ

288 (1661) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്തുകളിൽ 5 വർഷ പദ്ധതികൾ ഉണ്ടാക്കുമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നത് നടക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇപ്പോഴും അത് വാർഷിക പദ്ധതിയായി ചുരുങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും 5 വർഷത്തേയ്ക്കുള്ള പദ്ധതിയും അതിന്റെയടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതിയും ഏറ്റെടുക്കുന്നതിനാണ് പദ്ധതി മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ആദ്യവർഷത്തിൽ 5 വർഷത്തേയ്ക്ക് ഏറ്റെടുക്കുന്ന പദ്ധതികളെ സംബന്ധിച്ച വികസനരേഖ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കുകയുമാണ് ചെയ്തുവരുന്നത്.

"കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം" സെക്യൂരിറ്റി മിഷൻ

289 (1662) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം (Our Responsibility to Children, Kerala) എന്ന കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിക്കുവേണ്ടി 2014-15 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഒ. ആർ. സി. പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ 50 ലക്ഷം രൂപയിൽ ടി വർഷത്തെ ചെലവുകൾക്കായി 28-3-2015-ലെ സ.ഉ. (സാധാ) നമ്പർ 200/2015/സാനീവ പ്രകാരം 20.48 ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ച് നൽകിയിരുന്നു. അവശേഷിക്കുന്ന 29.52 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ലഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പ്രോജക്ട് ജീവനക്കാരുടെ ശമ്പളയിനത്തിൽ 8,79,675 രൂപയും ശിൽപശാല, യോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 5,98,325 രൂപയും ഉൾപ്പെടെ 14,78,000 രൂപ കേരള സാമൂഹ്യസുരക്ഷാ മിഷൻ ചെലവഴിക്കുകയും ബാക്കി 5.70 ലക്ഷം രൂപ ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രണമായി ബന്ധപ്പെട്ട കാര്യത്തിന് സാമൂഹ്യനീതി വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന് കൈമാറിയ 5.70 ലക്ഷം രൂപയിൽ ഒ.ആർ.സി. സംസ്ഥാനതല ഉത്ഘാടനത്തിനായി 2,80,249 രൂപയും ശില്പശാലകൾക്കായി 42,730 രൂപയും പ്രിന്റിംഗ് ചെലവുകൾക്കായി 6,675 രൂപയും ജീവനക്കാരുടെ വേതനം ഇനത്തിൽ 66,500 രൂപയും ഇംപ്രസ്റ്റ് മണിയായി 5000 രൂപയും ഉൾപ്പെടെ 4,01,154 രൂപ ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 1,68,846 രൂപ ഐ.സി.പി.എസ്. ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിക്കുന്നതിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശിശു സംരക്ഷണ പരിപാടി

290 (1663) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക- ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?